LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടി സബ്ട്രഷറിക്ക് പുതിയ കെട്ടിടം

177 (2415) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. കൊയിലാണ്ടി താലൂക്ക് പന്തലായനി അംശം ദേശത്ത് റീ.സ.39/1/ ബി-യിൽപ്പെട്ട ജലസേചന വകുപ്പിന്റെ കൈവശമുള്ള 15 സെന്റ് ഭൂമി ഇതിനായി കണ്ടെത്തിയിട്ടുണ്ട്. ഭൂമി കൈമാറ്റത്തിനായി റവന്യൂ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട്. ടി ഭൂമി കൈമാറികിട്ടുന്ന മുറയ്ക്ക് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പയ്യന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം

178 (2416) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാലപ്പഴക്കത്താൽ പൊട്ടിപ്പൊളിഞ്ഞ് അപകടാവസ്ഥയിലായ പയ്യന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

പയ്യന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പ്ലാനും എസ്റ്റിമേറ്റും അടിന്തരമായി ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

ചട്ടഞ്ചാൽ സബ്ട്രഷറി

179 (2417) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ്ട്രഷറി എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ചട്ടഞ്ചാൽ ടൗണിൽ തന്നെ റവന്യൂ ഭൂമി കൈമാറി കിട്ടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) അനുവദിച്ചു കിട്ടിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?